(സി) നിവേദകനെ സർവ്വീസിൽ പ്രവേശിപ്പിച്ച് വിവരം സർക്കാരിനെ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹെഡ്മാസ്റ്റർക്ക് സർക്കാർ നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ഇ) ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

79 (2457) ഹമീനാ ബീവിയുടെ മകന് ആശ്രിത നിയമനം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല വിദ്യാഭ്യാസ ജില്ലയിലെ അഞ്ചുതെങ്ങ് സർക്കാർ ബി. ബി.എൽ.പി.എസ്സിൽ പി.ഡി. ടീച്ചറായി ജോലിനോക്കിവരവെ മരണപ്പെട്ട ഹമീനാബീവിയുടെ മകൻ ബിനുവിന് ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിയനുസരിച്ച് എൽ.ഡി. ക്ലാർക്കായി നിയമനം നൽകാൻ 16.4.98 ലെ ജി.ഒ.(എം.എസ്) പൊ.വി.വ പ്രകാരം ഉത്തരവ് നൽകിയെങ്കിലും ഇതുവരെ നിയമനം നൽകിയിട്ടില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബിനുവിന് ഉത്തരവ് നൽകിയെങ്കിലും ഇതുവരെ നിയമനം നടത്താത്തതിൽ പരാതിപ്പെട്ടുകൊണ്ട് സർക്കാരിന് നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് നിയമനം നൽകാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16.4.98-ലെ സ.ഉ. (എം.എസ്) നം. 114/98/പൊ.വി. പ്രകാരം ബിനുവിന് വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമനം അനുവദിച്ചുകൊണ്ട് ഉത്തരവായെങ്കിലും തനിക്ക് അപ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും സിവിൽ സപ്ലൈസ് വകുപ്പിൽ എൽ.ഡി. ക്ലാർക്കായി തന്നെ നിയമിക്കണമെന്നാവശ്യപ്പെട്ട് ബിനു 22.10.'98-ന് ഒരു അപേക്ഷ സർക്കാരിന് സമർപ്പിച്ചു. ഈ അപേക്ഷയിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ സംബന്ധിക്കുന്ന വിവരം നിശ്ചിത ഫാറത്തിൽ പൊതുഭരണ (സി.ഇ) സെല്ലിലേയ്ക്ക് 30.11.1998-ൽ അയച്ചുകൊടുത്തിട്ടുണ്ട്. പൊതുഭരണ വകുപ്പിൽ നിന്നു ഒഴിവ് അറിയിക്കുംപോൾ ആ ഒഴിവിൽ പരാതിക്കാരനെ മറ്റേതെങ്കിലും വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമനം നൽകുന്നതാണ്.

(സി) ആശ്രിത നിയമനത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷയുടെ തീയതി കണക്കാക്കിയാണ് അവർക്ക് നിയമനം നൽകുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമനം പ്രതീക്ഷിച്ചു കഴിയുന്നവർ ധാരാളമുണ്ട്. ശ്രീ. ബിനു അപേക്ഷ സമർപ്പിച്ചത് 4.4.1997-ൽ ആണ്. ആ തീയതിക്ക് മുമ്പ് അപേക്ഷ സമർപ്പിച്ചവർക്ക് നിയമനം കിട്ടികഴിയുംപോഴോ മറ്റേതെങ്കിലും വകുപ്പിൽ ഒഴിവ് ഉണ്ടെന്ന് പൊതുഭരണ (സി.ഇ. സെൽ) വകുപ്പ് അറിയിക്കുംപോഴോ ശ്രീ. ബിനുവിന് നിയമനം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly